G 3274 (Pages : 9) Reg. No..............................

Name..............................

# ENTRANCE TEST FOR Ph.D. PROGRAMME, 2023

## MALAYALAM

Time : Three Hours Maximum : 100 Marks

### Part A

*Answer* **all** *questions.*
*Each question carries* 1 *mark.*

എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം എടുത്തെഴുതുക.

Choose the correct answer from the choices given :

1. 'സാഹിത്യവിദ്യ' എന്ന ഗ്രന്ഥം രചിച്ചതാര് ?
   (a) പ്രൊഫ. ജോസഫ് മുണ്ടശ്ശേരി. (b) ഡോ. കെ.എൻ. എഴുത്തച്ഛൻ.
   (c) കുട്ടികൃഷ്ണമാരാര്. (d) കേസരി ബാലകൃഷ്ണപിള്ള.
2. ഒരു കൃതിയുടെ കർത്താവ്, കാലം, ചരിത്ര പശ്ചാത്തലം എന്നിവയെക്കുറിച്ചുള്ള അന്വേഷണം ഏത് ഗവേഷണ വിഭാഗത്തിൽപ്പെടുന്നു ?
   (a) ചരിത്രാത്മക ഗവേഷണം. (b) മൂല്യനിർണയ ഗവേഷണം.
   (c) ബാഹ്യ ഗവേഷണം. (d) സർവ്വേ ഗവേഷണം.
3. ഏതു കവിയുടെ ജന്മശതാബ്ദി വേളയിലാണ് ഒ.എൻ.വി. 'ചിത്രാപൗർണ്ണമി' എന്ന കവിത എഴുതിയത് ?
   (a) വള്ളത്തോളിന്റെ. (b) കുമാരനാശാന്റെ.
   (c) ഇടശ്ശേരിയുടെ. (d) ചങ്ങമ്പുഴയുടെ.
4. കവിത്രയാനന്തര കവിതയെ സൂക്ഷ്മ പഠനത്തിനു വിധേയമാക്കുന്ന ഡോ. എം. ലീലാവതിയുടെ കൃതി :
   (a) മലയാള കവിതാസാഹിത്യ ചരിത്രം. (b) കവിതാധ്വനി.
   (c) വർണ്ണരാജി. (d) നവതരംഗം.
5. "സജ്ജന സമാഗമത്താൽ സകലജനങ്ങൾക്കുമുണ്ടാം
   സജ്ജനിഫലമെന്നല്ലോ സത്യവാചകം"
   —ഈ വരികൾ ഏത് ആട്ടക്കഥയിലുള്ളതാണ് ?
   (a) നളചരിതം ഒന്നാം ദിവസം. (b) നളചരിതം മൂന്നാം ദിവസം.
   (c) നിവാത കവചകാലകേയ വധം. (d) ഉത്തരാസ്വയംവരം.

Turn over

6. 'ശ്രീമൂലവാസം ജൈന വിഹാരമാണെന്ന്' ഉറപ്പിച്ചു പറഞ്ഞതാര് ?

(a) എൻ.വി. കൃഷ്ണവാര്യർ. (b) എം.ജി.എസ്. നാരായണൻ.

(c) എം.ആർ. രാഘവവാരിയർ. (d) എൻ. കൃഷ്ണപിള്ള.

7. ഏതു സാഹിത്യ പ്രസ്ഥാനമാണ് 'മധുരകാവ്യം' എന്ന് അറിയപ്പെട്ടിരുന്നത് ?

(a) പാട്ടു പ്രസ്ഥാനം. (b) മഹാകാവ്യ പ്രസ്ഥാനം.

(c) വിലാപകാവ്യ പ്രസ്ഥാനം. (d) മണിപ്രവാള പ്രസ്ഥാനം.

8. ആദ്യകാല നോവലുകളെക്കുറിച്ചുള്ള പഠനഗ്രന്ഥമായ 'മലയാള നോവലിന്റെ വേരുകൾ' രചിച്ചത് :

(a) ഡോ. ജോർജ്ജ് ഇരുമ്പയം. (b) പ്രൊഫ. എം.പി. പോൾ.

(c) ഡോ. കെ.എം. തരകൻ. (d) പ്രൊഫ. തുമ്പമൺ തോമസ്.

9. "ആയിരക്കണക്കെഴും ഭീമഗോളങ്ങൾ ചുറ്റും
മായിക മഹായന്ത്രോജ്ഞാലയിൽ തിരിഞ്ഞിടും
കൊച്ചു നൂൽപ്പന്താ, മെന്റെ ധരയിൽ പറ്റിച്ചേർന്നോ-
രിച്ചെറുകീടത്തിനും മൂളുവാൻ കഴിഞ്ഞെങ്കിൽ"

– ഈ വരികൾ ഉൾപ്പെടുന്ന കൃതി.

(a) കളിയച്ഛൻ. (b) ഒറ്റക്കമ്പിയുള്ള തംബുരു.

(c) കുടിയൊഴിക്കൽ (d) പാടുന്ന പിശാച്.

10. 'എപ്പിക് തീയേറ്റർ' എന്ന സങ്കല്പനത്തിലൂടെ ലോകനാടകവേദിയെ പൊളിച്ചെഴുതിയത് :

(a) വില്യം ഷേക്സ്പിയർ. (b) ബെർണാഡ് ഷാ.

(c) ബെർതോൾഡ് ബ്രെഹ്ത്. (d) യോനെസ്കോ.

11. വില്ലുവണ്ടി സമരത്തിന് നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്കർത്താവ്.

(a) സഹോദരൻ അയ്യപ്പൻ. (b) അയ്യങ്കാളി.

(c) ഡോ. പല്പു. (d) കെ. കേളപ്പൻ.

12. അനംഗസേന ഏതു കാവ്യത്തിലെ നായികയാണ് ?

(a) ഉണ്ണുനീലി സന്ദേശത്തിലെ. (b) വൈശിക തന്ത്രത്തിലെ.

(c) ചന്ദ്രോത്സവത്തിലെ. (d) കോകസന്ദേശത്തിലെ.

13. "നിരുപാധികമാം സ്നേഹം

ബലമായ് വരും ക്രമാൽ

ഇതാണഴകിയതേ സത്യം

ഇതു ശീലിക്കാൻ ധർമ്മവും

—ഈ വരികൾ എഴുതിയ കവി.

(a) കുമാരനാശാൻ. (b) അക്കിത്തം.

(c) ഇടശ്ശേരി. (d) എൻ.വി.കൃഷ്ണ വാരിയർ.

14. 'ഭാഷാഷ്ടപദി'യുടെ കർത്താവ് :

(a) രാമപുരത്ത് വാര്യർ. (b) പൂന്താനം.

(c) കുഞ്ചൻ നമ്പ്യാർ. (d) ഉണ്ണായി വാര്യർ.

15. "ഭാഷാസാഹിത്യ സാമ്രാജ്യത്തിന് ഇന്നു കാണുന്ന വിസ്തൃതി നാം ഉണ്ടാക്കിയതാണ് ; ഭാഷാസാഹിത്യ സമുദ്രത്തിന് ഇപ്പോഴുള്ള അഗാധത നമ്മുടെ നിസ്തന്ദ്രഖനനത്തിന്റെ ഫലമാണ്. നാം ശവം തീനികളല്ല, മൃത സഞ്ജീവനന്മാരാണ്." ഗവേഷകരെപ്പറ്റി ഇത്രയേറെ ആത്മവിശ്വാസം കൊള്ളുന്നത് ആരാണ് ?

(a) ഡോ. കെ. ഗോദവർമ്മ. (b) ഡോ. എസ്.കെ.നായർ.

(c) മഹാകവി ഉള്ളൂർ. (d) ഡോ. കെ.എൻ. എഴുത്തച്ഛൻ.

16. ചേരുംപടി ചേർത്തെഴുതുക.

| പട്ടിക ഒന്ന് | പട്ടിക രണ്ട് |
|---|---|
| 1 കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്. | 1 വെർജീനിയ വുൾഫ്. |
| 2 എ തിയറി ഓഫ് സെമിയോട്ടിക്സ്. | 2 ഴാക്ക് ദെറീദ. |
| 3 എ റൂം ഓഫ് വൺസ് ഔൺ. | 3 ഫെർഡിനന്റ് ഡി സൊസ്യൂർ. |
| 4 റൈറ്റിങ്ങ് ആന്റ് ഡിഫറൻസ്. | 4 ഫ്രെഡറിക് ജയിംസൺ. |
| | 5 ഉമ്പർട്ടോ എക്കോ. |

(a) 1–4, 2–1, 3–5, 4–2. (b) 1–5, 2–4, 3–2, 4–3.

(c) 1–3, 2–5, 3–1, 4–2. (d) 1–5, 2–4, 3–1, 4–3.

17. മദിരാശി സർവ്വകലാശാലയിൽ മലയാള വിഭാഗം ആരംഭിച്ച വർഷം :

(a) 1925. (b) 1926.

(c) 1927. (d) 1928.

18. 'സ്മൃതിരേഖകൾ' ആരുടെ ആത്മകഥയാണ് ?

(a) പന്മന രാമചന്ദ്രൻ നായരുടെ. (b) എസ്. ഗുപ്തൻ നായരുടെ.

(c) കെ. രാമചന്ദ്രൻ നായരുടെ. (d) സി.പി. നായരുടെ.

19. ഡോ. എം.എം. ബഷീർ ആശാൻ കവിതാ പഠനത്തിന് ആധാരമാക്കിയത് :

(a) നാടോടി അംശങ്ങളെ. (b) ഹസ്തലിഖിതങ്ങളെ.

(c) ആധുനിക പ്രവണതകളെ. (d) ആനുകാലികങ്ങളെ.

20. എരി + തീ = എരിതീ. ഇവിടെ തകാരം ഇരട്ടിക്കാത്തത് :

(a) ശിഥിലവർണമായതിനാൽ.

(b) പൂർവ്വപദം വിശേഷണമായതു കൊണ്ട്.

(c) പൂർവ്വപദം അലുപ്ത സമാസമായതിനാൽ.

(d) പൂർവ്വപദം ധാതുവായതിനാൽ.

21. "കേരളം എന്നത് നമുക്ക്ജീവിക്കാനുള്ള സ്ഥലമല്ലാതായിരിക്കുന്നു ; മലയാളം എന്നത് നമുക്ക് ആരാധിക്കുവാനുള്ള സാധനമായിരിക്കുന്നു. അത് നമുക്ക് ഉപയോഗിക്കുവാനുള്ള ഭാഷയല്ലാതിരിക്കുന്നു"–ഇങ്ങനെ പറഞ്ഞത് :

(a) എം.എൻ. കാരശ്ശേരി. (b) എം. എൻ. വിജയൻ.

(c) പന്മന രാമചന്ദ്രൻ നായർ. (d) വി. ആർ. പ്രബോധചന്ദ്രൻ നായർ.

22. അർണോസ് പാതിരിയെ മലയാളത്തിലെ രണ്ടാം എഴുത്തച്ഛൻ എന്ന് വിശേഷിപ്പിച്ചത് :

(a) ഡോ. കെ.എം. ജോർജ്ജ്. (b) എസ്. ഗുപ്തൻ നായർ.

(c) ഡോ. സുകുമാർ അഴീക്കോട്. (d) എൻ. കൃഷ്ണപിള്ള.

23. 'വടമതിര' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ദേശം :

(a) കൊടുങ്ങല്ലൂർ. (b) കോഴിക്കോട്.

(c) കടുത്തുരുത്തി. (d) കോട്ടയം.

24. താഴെക്കൊടുത്തിട്ടുള്ള വൃത്തങ്ങളെ അതതിന്റെ ഗണവ്യവസ്ഥയുമായി പൊരുത്തപ്പെടുത്തുക.

| പട്ടിക ഒന്ന് | പട്ടിക രണ്ട് |
|---|---|
| പഞ്ചചാമരം | 1 ജതജഗഗ. |
| ഉപേന്ദ്രവജ്ര | 2 തഭജജഗഗ. |
| മാലിനി | 3 ജരജരജഗ. |
| വസന്തതിലകം | 4 തതജഗഗ. |
| | 5 നനമയയ. |

(a) 1–3, 2–1, 3–5, 4–2 (b) 1–5, 2–4, 3–1, 4–3.

(c) 1–3, 2–5, 3–1, 4–2 (d) 1–5, 2–4, 3–1, 4–3.

25. ഡോ. എസ്.കെ. നായർ പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ പ്രബന്ധവിഷയം :

(a) കേരളത്തിലെ കാളീസേവ.

(b) കേരളത്തിലെ നാടോടി നാടകങ്ങൾ.

(c) രാമചരിതവും പ്രാചീന മലയാള പഠനവും.

(d) കൃഷ്ണഗാഥ–വിവരണാത്മക പഠനവും പദകോശവും.

26. താഴെപ്പറയുന്നവയിൽ ഏതാണ് സംശ്ലിഷ്ട കക്ഷ്യയിൽപ്പെട്ട ഭാഷ ?

(a) സംസ്കൃതം. (b) ഹംഗേറിയൻ.

(c) ചൈനീസ്. (d) ഗ്രീൻലാൻഡി.

27. കവി എ. അയ്യപ്പന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന മാസിക.

(a) അക്ഷരം. (b) ബോധി.

(c) സംക്രമണം. (d) സമീക്ഷ.

28. ചേരുംപടി ചേർക്കുക.

| പട്ടിക ഒന്ന് | പട്ടിക രണ്ട് |
|---|---|
| 1 അമാവാസി. | 1 ഡി. വിനയചന്ദ്രൻ. |
| 2 ഗോത്രയാനം | 2 കുരീപ്പുഴ ശ്രീകുമാർ. |
| 3 ചരിത്രം | 3 അയ്യപ്പപ്പണിക്കർ. |
| 4 ചാർവാകൻ. | 4 കടമ്മനിട്ട. |
| | 5 ബാലചന്ദ്രൻ ചുള്ളിക്കാട്. |

(a) 1–3, 2–5, 3–1, 4–2. (b) 1–5, 2–3, 3–1, 4–2.

(c) 1–3, 2–5, 3–1, 4–2. (d) 1–5, 2–1, 3–4, 4–3.

29. നളചരിതം ആട്ടക്കഥയ്ക്ക് 'രസകൗമുദി' എന്ന വ്യാഖ്യാനം തയ്യാറാക്കിയത് :

(a) ഏ.ആർ. രാജരാജവർമ്മ. (b) ഇളംകുളം കുഞ്ഞൻപിള്ള.

(c) എം. എച്ച്. ശാസ്ത്രികൾ. (d) പന്മന രാമചന്ദ്രൻ നായർ.

30. രചനാകാലം അനുസരിച്ച് ശരിയേത് ?

(a) ഇന്ദുലേഖ, കുന്ദലത, ധർമ്മരാജ, കേരളസിംഹം.

(b) കുന്ദലത, ഇന്ദുലേഖ, ധർമ്മരാജ, കേരളസിംഹം.

(c) ധർമ്മരാജ, കേരളസിംഹം, കുന്ദലത, ഇന്ദുലേഖ.

(d) ഇന്ദുലേഖ, കേരളസിംഹം, കുന്ദലത, ധർമ്മരാജ.

31. ലോകമാതൃഭാഷാ ദിനം.

(a) ഫെബ്രുവരി 21. (b) ഫെബ്രുവരി 22.

(c) ഫെബ്രുവരി 23. (d) ഫെബ്രുവരി 24.

32. ഭാഷാഭേദരൂപങ്ങൾ മറ്റുള്ളിടത്തേക്ക് വ്യാപിക്കാതെ ഒരിടത്തു തന്നെ ഒതുങ്ങിക്കൂടിയാൽ ആ പ്രദേശം ഏതു പേരിൽ അറിയപ്പെടുന്നു ?

(a) കേന്ദ്രമേഖല. (b) അവശിഷ്ട മേഖല.

(c) സമോച്ചാരണ സീമാരേഖ. (d) പരിവർത്തന മേഖല.

33. 2022-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ്.

(a) പ്രഭാവർമ്മ. (b) എസ്. രമേശൻ നായർ.

(c) എം. തോമസ് മാത്യു. (d) വി. മധുസൂദനൻ നായർ.

34. വയല വാസുദേവൻപിള്ള രചിച്ച നാടകം :

(a) കലി. (b) അഗ്നി.

(c) സൗപർണ്ണിക. (d) സ്നേഹദൂതൻ.

35. നാമങ്ങളിൽ നിന്നുണ്ടാക്കുന്ന നാമം :

(a) തദ്ധിതം. (b) സർവ്വനാമം.

(c) കൃത്ത്. (d) നാമവിശേഷണം.

36. കരുണമാണ് ഏകരസമെന്ന് പറഞ്ഞ നാടകകൃത്ത് :

(a) കാളിദാസൻ. (b) ഭാസൻ.

(c) ശക്തിഭദ്രൻ. (d) ഭവഭൂതി.

37. മരിച്ചു പോയതിനു ശേഷവും ചങ്ങമ്പുഴയുടെ ശിരസ്സ് മലയാള കവിതയിൽ പാടിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞതാര് ?

(a) സച്ചിദാനന്ദൻ. (b) എം.കെ. സാനു.

(c) സുകുമാർ അഴീക്കോട്. (d) എം. ലീലാവതി.

38. കാക്കാരിശ്ശി നാടകത്തിന് കൂടുതൽ പ്രചാരമുള്ള കേരളീയ ജില്ല :

(a) തിരുവനന്തപുരം. (b) കൊല്ലം.

(c) ഇടുക്കി. (d) പത്തനംതിട്ട.

39. 'തവർഗോപമർദ്ദം' എന്നു കൂടി പേരുള്ളത് :

(a) അനുനാസികാതി പ്രസരത്തിന്. (b) താലവ്യാദേശത്തിന്.

(c) സ്വരസംവരണത്തിന്. (d) പുരുഷഭേദ നിരാസത്തിന്.

40. "എൻ മന്ദഹാസം ചന്ദ്രികയായെങ്കിൽ

എന്നും പൗർണ്ണമി വിടർന്നേനെ"

—ഈ വരികളിലെ അലങ്കാരമേത് ?

(a) ഉത്പ്രേക്ഷ. (b) കാവ്യലിംഗം.

(c) സംഭാവന. (d) അപ്രസ്തുത പ്രശംസ.

41. കർമ്മണി പ്രയോഗമല്ലാത്ത പദമേത് ?

(a) പ്രിയപ്പെട്ട. (b) വില്ക്കപ്പെട്ട.

(c) പിടിക്കപ്പെട്ട. (d) കാണപ്പെട്ട.

42. "വെളിച്ചത്തിൻ ഭാഷ ശരിക്കറിയാതെ

ഇരുട്ടിനെയതിൽ വിവർത്തനം ചെയ്തു

പരാജയപ്പെട്ട കവിത, ജീവിതം"

—ഈ വരികൾ എഴുതിയതാര് ?

(a) പി.പി. രാമചന്ദ്രൻ. (b) മനോജ് കുറൂർ.

(c) എം.ആർ. രേണുകുമാർ. (d) റഫീക് അഹമ്മദ്.

43. ഹെർമൻ ഗുണ്ടർട്ട് രചിച്ച വ്യാകരണഗ്രന്ഥത്തിന്റെ പേര് :

(a) കേരള ഭാഷാവ്യാകരണം. (b) മലയാഴ്മയുടെ വ്യാകരണം.

(c) മലയാള ഭാഷാ വ്യാകരണം. (d) വ്യാകരണമിത്രം.

44. 'ചാറ്റൽ മഴയിൽ ഒരു ഏകാകി' എന്ന സൈബർ കഥ രചിച്ചത് :

(a) വി. വിനയകുമാർ. (b) ബി. മുരളി.

(c) സേതു. (d) ചന്ദ്രമതി.

45. "വിസ്മൃതിയിലാണ്ട ഗ്രാമീണ പദങ്ങളും തൊഴിലുകളും പ്രകൃതിയിൽ നിന്നും മറയുന്ന തൊഴിലുകൾക്കാധാരമായ സസ്യങ്ങളുമെല്ലാം എസ്. ജോസഫിന്റെ കവിതകളിൽ പുനർജനിക്കുന്നു." ഇങ്ങനെ നിരീക്ഷിച്ചതാര് ?

(a) വി.സി. ശ്രീജൻ. (b) ഡോ. എം. ലീലാവതി.

(c) ജി. മധുസൂദനൻ. (d) ഡോ. കെ.എം. വേണുഗോപാൽ.

46. നാട്യശാസ്ത്രത്തിൽ അഭിനയം സ്വീകരിച്ചിരിക്കുന്നത് ഏത് വേദത്തിൽ നിന്നാണ് ?

(a) ഋഗ്വേദത്തിൽ നിന്ന്. (b) യജുർവേദത്തിൽ നിന്ന്.

(c) സാമവേദത്തിൽ നിന്ന്. (d) അഥർവ്വ വേദത്തിൽ നിന്ന്.

47. ഗോത്രകലാ വടിവുകൾ എന്ന ഗ്രന്ഥം രചിച്ചത് :

(a) ചുമ്മാർ ചൂണ്ടൽ. (b) എസ്. കെ. നായർ.

(c) ജി. ഭാർഗവൻ പിള്ള. (d) ഡോ. സി.ആർ. രാജഗോപാലൻ.

48. കവി ലോകത്തിന്റെ നിയമ നിർമ്മാതാവാണെന്ന് പറഞ്ഞതാര് ?

(a) വേർഡ്സ്വർത്ത്. (b) ഷെല്ലി.

(c) കീറ്റ്സ്. (d) എലിയറ്റ്.

49. പ്രതിഭയെ കാരയിത്രി, ഭാവയിത്രി എന്നു തരം തിരിച്ചത് :

(a) ഭാമഹൻ. (b) ഭട്ടനായകൻ.

(c) രാജശേഖരൻ. (d) ദണ്ഡി.

50. ഖസാക്കിന്റെ ഇതിഹാസത്തെ നിരാനന്ദത്തിന്റെ ചിരി എന്നു വിശേഷിപ്പിച്ചതാര് ?

(a) ഇ.വി. രാമകൃഷ്ണൻ. (b) ആഷാമേനോൻ.

(c) വി. രാജകൃഷ്ണൻ. (d) കെ.പി. അപ്പൻ.

(50 × 1 = 50 marks)

## Part B

*Answer any* **ten** *questions.*
*Each question carries* 5 *marks.*

ഏതെങ്കിലും **പത്ത്** ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

51. സാഹിത്യ ഗവേഷണവും സാഹിത്യ വിമർശനവും വ്യതിരിക്തമാകുന്നതെങ്ങനെ ?

52. ഗവേഷണത്തിൽ പരികല്പനയ്ക്കുള്ള പ്രാധാന്യമെന്ത് ?

53. ഇടശ്ശേരിക്കവിതയിലെ പരിസ്ഥിതി ദർശനത്തെക്കുറിച്ച് കുറിപ്പെഴുതുക.

54. ഗവേഷണ നൈതികതയുടെ പ്രാധാന്യം വിശദമാക്കുക.

55. ഭാഷാ സാഹിത്യ ഗവേഷണത്തിൽ ആഗമനപദ്ധതി (induction method) എത്രമാത്രം പ്രായോഗികമാണെന്ന് വിലയിരുത്തുക.

56. പൗരാണിക പ്രമേയം ആധാരമാക്കി രചിച്ചിട്ടുള്ള ഒരു നോവലിന് നിരൂപണപഠനം തയ്യാറാക്കുക.

57. മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ സവിശേഷതകൾ എന്തൊക്കെ ?

58. പാഠവിമർശം(Textual criticism)എന്നാലെന്ത് ?

59. ഗവേഷണ പ്രബന്ധത്തിലെ ഭാഷ എങ്ങനെയുള്ളതായിരിക്കണമെന്ന് വിശദീകരിക്കുക.

60. മലയാളത്തിലെ ജീവചരിത്രശാഖ എത്രത്തോളം സമ്പന്നമാണെന്ന് പരിശോധിക്കുക.

61. മലയാളത്തിലെ ഫോക്‌ലോർ ഗവേഷണത്തിൽ രാഘവൻ പയ്യനാട് നൽകിയ സംഭാവനയെന്ത് ?

62. തിരക്കഥയെ കാണാവുന്ന സാഹിത്യം എന്ന് വിളിക്കുന്നത് എത്രത്തോളം ഉചിതമാണ് ?

63. അരിസ്റ്റോട്ടിലിന്റെ ദുരന്തനാടകസങ്കല്പം സംഗ്രഹിച്ചെഴുതുക.

64. ഗവേഷണ പ്രബന്ധത്തിൽ അനുബന്ധത്തിന്റെ (Appendix) പ്രാധാന്യമെന്ത് ?

(10 × 5 = 50 marks)